കേരള സർക്കാർ
സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - 'കൊരട്ടി ഗവൺമെന്റ് കുഷ്ഠരോഗാശുപത്രി' എന്നതിനു പകരം 'കൊരട്ടി ഗാന്ധിഗ്രാം ഗവ: ഹോസ്പിറ്റൽ ഓഫ് ഡെർമറ്റോളജി' (കൊരട്ടി ഗാന്ധിഗ്രാം സർക്കാർ ത്വക്‌രോഗാശുപത്രി) എന്ന് പുനർ നാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്

സ.ഉ(സാധാ)നം.570/2013/ആ.കു.വ തീയ്യതി. തിരുവനന്തപുരം. 20/2/2013

---

പരാമർശം: 1) ശ്രീ. എ.എൻ.ജെ. പൊറിഞ്ചു, നെല്ലിശ്ശേരി വീട്, ജി.എച്ച്.എസിനു സമീപം. വലപ്പാട് ബഹു: മുഖ്യമന്ത്രിക്ക് 16/12/2012-ൽ സമർപ്പിച്ച നിവേദനം
2) 23/11/2012 -ലെ തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ സി-13168/12/ജി.മെ.ഓ നമ്പർ കത്ത്

## ഉത്തരവ്

കൊരട്ടി ഗവൺമെന്റ് കുഷ്ഠരോഗാശുപത്രിയുടെ പേര് 'കൊരട്ടി ഗാന്ധിഗ്രാം ഗവ: ഹോസ്പിറ്റൽ ഓഫ് ഡെർമറ്റോളജി' (കൊരട്ടി ഗാന്ധിഗ്രാം സർക്കാർ ത്വക്‌രോഗാശുപത്രി) എന്നാക്കി മാറ്റാൻ സർക്കാറിനോടഭ്യർത്ഥിക്കാൻ 23.5.2012 -ൽ ചേർന്ന ആശുപത്രി വികസന സമിതി തീരുമാനിക്കുകയുണ്ടായി. ഈ ആവശ്യം ഉന്നയിച്ച് എ.എൻ.ജെ. പൊറിഞ്ചു അറക്കൽ നെല്ലിശ്ശേരി വീട്, വലപ്പാട് എന്നവരുടെ നേതൃത്വത്തിൽ കൂട്ട ഹർജി സർക്കാറിന് ലഭിച്ചു. ഈ പേരുമാറ്റം പൊതു ജനങ്ങൾക്ക് ടി ആശുപത്രിയിലെ അന്തേവാസികളോടുള്ള അവജ്ഞ മാറ്റിക്കിട്ടാൻ സഹായിക്കാമെന്ന് ആശുപത്രി വികസന സമിതി കരുതുന്നു.

ഈ വിഷയം സർക്കാർ പരിശോധിച്ചു. ആശുപത്രി വികസന സമിതിയുടെ തീരുമാനം സർക്കാർ അംഗീകരിക്കുന്നു. ഇനിമേൽ കൊരട്ടി സർക്കാർ കുഷ്ഠരോഗാശുപത്രിയുടെ പേര് 'കൊരട്ടി ഗാന്ധിഗ്രാം ഗവ: ഹോസ്പിറ്റൽ ഓഫ് ഡെർമറ്റോളജി' (കൊരട്ടി ഗാന്ധിഗ്രാം സർക്കാർ ത്വക്‌രോഗാശുപത്രി) എന്നാക്കി മാറ്റാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി. വൽസ
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം). തൃശ്ശൂർ
ജില്ലാ കളക്ടർ. തൃശ്ശൂർ
വിവരപൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിനായി)
കരുതൽ ശേഖരം/കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

മേലെഴുതിയത് കണ്ട് നം. ബി.2എൽ.202/48586/12/ആ.വ.ഡ തീയതി 13/3/2013

പകർപ്പ് ജി.മെ.ഒ തൃശ്ശൂർ ... ഓഫീസർക്കും ... സെക്ഷനും ...

... 13/3/13
ആ.വ.ഡ വേണ്ടി